## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 720

08.03.2012- ൽ മറുപടിക്ക്

### കയർഫെഡിന്റെ ഹരിത പ്രയത്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കയർഫെഡ് നടപ്പിലാക്കുന്ന ഹരിത പ്രയത്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | ഗ്രീൻ ഇൻഷ്യേറ്റീവ് എന്ന പദ്ധതിയുടെ ലക്ഷ്യം പ്രകൃതി ജന്യനാരുകൾ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ വ്യാപനവും അതു വഴി പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പ്രകൃതി വിഭവ ശോഷണത്തിനും ഒരു പരിഹാരം കണ്ടെത്തുക എന്നതാണ്. ഈ പദ്ധതിയിൽ ബ്ലോക്ക് തലത്തിലും ഗ്രാമതലത്തിലും "ഗ്രീൻ ക്യാപ്സ്" എന്നറിയപ്പെടുന്ന ഗ്രീൻ കോർഡിനേറ്റർമാരെ ബ്ലോക്ക് തലത്തിലും, പഞ്ചായത്ത് തലത്തിലും വിന്യസിപ്പിച്ച് കയർ ജിയോ- ടെക്സ്റ്റയിൽസ്, കയർ പിത്ത് സോയിൽ കണ്ടീഷണർ ഇവ ഉപയോഗിച്ച് മണ്ണ് സംരക്ഷണത്തിനും, ജല സംരക്ഷണത്തിനുമുള്ള പദ്ധതി നടപ്പിലാക്കുക, സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾ, വീടുകൾ എന്നിവിടങ്ങളിൽ |

| | |
|---|---|
| | പ്രകൃതിജന്യ ഉല്പന്നങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ |
| **(ബി) ജില്ലകളിലും ബ്ലോക്ക്തലങ്ങളിലും പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;** | ജില്ലാ-ബ്ലോക്ക്- പഞ്ചായത്ത്തലസെമിനാറുകൾ സംഘടിപ്പിക്കുക, ഡെമോൺസ്ട്രേഷൻ സൈറ്റ്, പൈലറ്റ് പ്രോജക്ട് ഇവ നടപ്പിൽ വരുത്തുക, ലഘുലേഖകൾ, വാർത്താ മാധ്യമങ്ങൾ മുഖേന പ്രചരണ പരിപാടികൾ എന്നീ മാർഗങ്ങളാണ് അവലംബിച്ചിരിക്കുന്നത് |
| (സി) ഈ പദ്ധതിയുടെ പ്രചരണത്തിനായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | മേൽ വിവരിച്ച തരത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ